## സത്യവിശ്വാസത്തിന്റെ സോപാനത്തിൽ-2

# ചിന്തിക്കൂ; കണ്ടെത്തും

ലേഖനം ● മുനാ പണിക്കർ

**ലോക** സ്രഷ്ടാവിനെ തിരിച്ചറിഞ്ഞു. സ്രഷ്ടാവിലേക്കു വരുമ്പോൾ വാസ്തവത്തിൽ നടക്കുന്നത് ഒരു തിരിച്ചുവരവാണ്. കാരണം ഇസ്‌ലാം പ്രകൃതിമതമാണ്. എല്ലാ ശിശുക്കളും പിറന്നു വീഴുന്നത് പ്രകൃതി മതത്തിന്റെ പരിശുദ്ധിയിലാണ്. "നിന്റെ രക്ഷിതാവ് ആദം സന്തതികളുടെ മുതുകുകളിൽനിന്ന് അവരുടെ സന്താനങ്ങളെ പുറത്തുകൊണ്ടുവരികയും അവരുടെ കാര്യത്തിൽ അവരെതന്നെ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം ഓർക്കുക. (അവൻ ചോദിച്ചു) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ, അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വഹിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ ഇതെപ്പറ്റി അശ്രദ്ധരായിരുന്നു എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്)" (7:172).

ഈ സൂക്തം തെളിയിക്കുന്നത് എല്ലാ മനുഷ്യരിൽനിന്നും അല്ലാഹു നേരത്തെ തന്നെ ഉറപ്പു വാങ്ങിയിട്ടുണ്ടെന്നു മാത്രമല്ല, എല്ലാ ശിശുക്കളും ശുദ്ധ പ്രകൃതിയിൽ ജനിക്കുകയും ചെയ്യുന്നു എന്നാണ്. ഇനി അവർ പ്രകൃതി വിരുദ്ധ മതങ്ങളിലാണ് വളരാൻ വിധിക്കപ്പെട്ടതെങ്കിലും അവരുടെ ഹൃദയത്തിന്റെ ഉള്ളിൽ സംശുദ്ധമായ സത്യവിശ്വാസം ചാരംമൂടിക്കിടക്കുന്നുണ്ട്. അല്ലാഹു നൽകിയ കണ്ണും കാതും ഹൃദയവും തുറന്നാൽ ഈ സത്യം തിരിച്ചറിയാൻ കഴിയും.

മനുഷ്യന്റെ ഏറ്റം മഹത്തായ യോഗ്യതകളിലൊന്നാണ് ജ്ഞാനശേഷി. അതും അല്ലാഹു അവന് സവിശേഷം കനിഞ്ഞരുളിയ അനുഗ്രഹമാണ്. "അവൻ(അല്ലാഹു) ആറുദിനം നാമങ്ങളെല്ലാം ആദമിനെ പഠിപ്പിച്ചു" (2:31). മലക്കുകൾ പോലും അവരുടെ അറിവിന്റെ പരിമിതി തുറന്നു സമ്മതിച്ചു. "അവർ പറഞ്ഞു: നിനക്കു സ്തോത്രം! നീ പഠിപ്പിച്ചതല്ലാതെ യാതൊരു അറിവും ഞങ്ങൾക്കില്ല. നീ തന്നെയാണ് സർവജ്ഞനും അഗാധജ്ഞാനിയും" (2:32).

വളരെ ചെറുതായി മനുഷ്യൻ കാണുന്ന കാര്യത്തിൽ പോലും അല്ലാഹു മനുഷ്യന്റെ അപര്യാപ്തത എടുത്ത് കാണിക്കുന്നു. "ഒരു കാര്യത്തെ കുറിച്ചും നാളെ ഞാനതു ചെയ്യുമെന്ന് നീ പറഞ്ഞു പോകരുത്. അല്ലാഹു ഉദ്ദേശിച്ചെങ്കിൽ (എന്ന ഉപാധിയോടുകൂടി അല്ലാതെ)" (18: 23,24).

ഒരു വ്യക്തി ഇസ്‌ലാമിലേക്കു വരുമ്പോൾ അല്ലാഹു അയാളെ കൂടുതലായി ഇഷ്ടപ്പെടുന്നു. "ഏതൊരാളെ നേർ വഴിക്കു നയിക്കുവാൻ അല്ലാഹു ഉദ്ദേശിക്കുന്നുവോ അവന്റെ ഹൃദയത്തെ ഇസ്‌ലാമിലേക്ക് അവൻ തുറന്നു കൊടുക്കുന്നു" (6:125). ഈ വ്യക്തിയുടെ ഇഹലോകവും പരലോക വിജയത്തോടൊപ്പം ഉയർത്തപ്പെടുന്നു. നേരത്തെ അവൻ ചെയ്തുകൊണ്ടിരുന്ന എല്ലാ കർമങ്ങളും വിശ്വാസത്തിന്റെ അഭാവത്തിൽ ധൂളികളായി ചിതറിപ്പോകുന്നതാണ്. അവിശ്വാസികളാവട്ടെ അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചികപോലെയാണ്....(24:39). എന്നാൽ മുസ്‌ലിം ആയിത്തീരുന്നതോടെ ഒരു പുഞ്ചിരിപോലും പുണ്യകർമമാകുന്നു. സ്രഷ്ടാവിനുള്ള സമ്പൂർണ സമർപ്പണത്തിലൂടെ വന്നു ചേരുന്ന ഗാഢ ബന്ധവും അതിൽനിന്ന് ഉത്ഭൂതമാകുന്ന സമാധാനവും- ആ ബന്ധത്തിന്റെ ശക്തമായ പാശത്തിൽ എല്ലാ ദുർമൂർത്തികളും നിർവീര്യമാക്കപ്പെടുന്നു. എത്രകൊടിയ ശത്രുപോലും ഇസ്‌ലാമിന്റെ പ്രകാശത്തിൽ അലിഞ്ഞു ചേരുന്നു. മുസ്‌ലിംകളെ ആക്ഷേപിക്കാനായി ഇസ്‌ലാം പഠിച്ചവർ ഇസ്‌ലാമിന്റെ അനുയായികളായി. മുസ്‌ലിംകളുടെ രഹസ്യം ചോർത്തിയെടുക്കാൻ വന്ന ചാരന്മാർ ഇസ്‌ലാമിനു മുൻപിൽ അടിയറവു പറഞ്ഞു. സ്രഷ്ടാവിനോടു സൃഷ്ടികൾ അടുക്കുമ്പോൾ ഉണ്ടാകുന്ന നി

ഷ്കളങ്കമായ സ്നേഹത്തിൽനിന്നു സ്ഫുരിക്കുന്നതാണ് സമാധാനം. ഇസ്‌ലാമിന് ഒറ്റവാക്കിൽ നൽകാവുന്ന നിർവചനം സമർപ്പണം - സമ്പൂർണമായ സമർപ്പണം. ഈ നിഷ്കളങ്ക സമർപ്പണം വഴി ഉരുത്തിരിയുന്നതാണ് സമാധാനം. പ്രകൃതി മതത്തിൽനിന്നുണ്ടാകുന്ന ശാന്തിയും സമാധാനവും സമ്പൂർണതയും മനുഷ്യകൈകളാൽ മെനഞ്ഞെടുത്ത മതങ്ങൾക്ക് ഒരിക്കലും ഉണ്ടാകില്ല. ഭൗതികത്തെ പാരത്രികത്തിൽനിന്ന് മാറ്റിനിർത്തി ഒരു ശ്വാസോഛ്വാസം പോലും മുസ്‌ലിമിനില്ല. ഇഹവും പരവും ഇണപിരിയാതെ സദാ കൈകോർത്തു കൊണ്ടുള്ളതാണ് അവന്റെ ജീവിത യാത്ര. "അല്ലാഹുവിങ്കൽ സ്വീകരിക്കപ്പെടുന്ന ദീൻ ഇസ്‌ലാം" (3:19) മാത്രമാണ്. ആദി മനുഷ്യൻ മുതൽ അന്ത്യപ്രവാചകൻ വരെ ആചരിച്ചതും പ്രബോധനം ചെയ്തതും ഇസ്‌ലാം തന്നെ.

അല്ലാഹുവിന്റെ ഏറ്റവും നല്ല സൃഷ്ടിയാണ് മനുഷ്യൻ. അവൻ ജനിച്ചു വീഴുന്നത് സത്യവിശ്വാസത്തിന്റെ പരിശുദ്ധിയിൽ. അനേകം കോശങ്ങളും ശ്വേതകണങ്ങളും രേതകണങ്ങളും അനേകതരം നൈസർഗിക വാസനയുമായാണ് അവൻ ജനിച്ചു വീഴുന്നത്. ഭൂമി എന്ന പരീക്ഷണശാലയിൽ എണ്ണമറ്റ പരീക്ഷണത്തിലൂടെ അവൻ കടന്നു പോകണം. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം, വിചാരവും വിവേകവും തമ്മിലുള്ള സംഘർഷം, ആത്മീയ ദാഹങ്ങളും ദേഹേഛകളും തമ്മിലുള്ള വടംവലികൾ, ആരോഗ്യവും രോഗവും തമ്മിലുള്ള മത്സരം, ഉൽക്കർഷേഛയും അപകർഷതയും തമ്മിലുള്ള പോരാട്ടം. ഇങ്ങനെ പോകുന്നു പരീക്ഷണങ്ങളുടെ നിര. പരീക്ഷണങ്ങളെല്ലാം വിജയകരമായി തരണംചെയ്തു മുന്നോട്ടുപോകാൻ അവന് വ്യക്തമായ ഒരു ജീവിതചര്യ ആവശ്യമാണ്. അവന്റെ ചിന്ത, വാക്ക്, പ്രവൃത്തി എല്ലാം തിന്മയിൽ നിന്ന് മുക്തമാവണം. അങ്ങനെ ഉത്തമ കർമവും ഉൽകൃഷ്ട വചനവും നിഷ്കളങ്ക ഹൃദയവുമായി അല്ലാഹുവിലേക്ക് സഞ്ചരിക്കാൻ അവൻ തന്നെ വിതാനിച്ചു തന്ന പാതയാണ് ദീനുൽ ഇസ്‌ലാം. "ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെ ദീൻ പൂർത്തിയാക്കിത്തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് നിറവേറ്റിത്തരുകയും ദീനായി ഇസ്‌ലാമിനെ നിങ്ങൾക്ക് തൃപ്തിപ്പെട്ടുതരികയും ചെയ്യുന്നു" (5:3). ഇത്രയെല്ലാം ചെയ്തുകൊടുത്തിട്ടും അത് അറിഞ്ഞില്ലെന്നു നടിച്ചുകൊണ്ട് "ഇസ്‌ലാമല്ലാത്തത് ആരെങ്കിലും ദീനായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽനിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും" (3:85). മതമെന്നല്ല ദീനിന്റെ നിർവചനം, അതൊരു "ജീവിത സമ്പ്രദായമാണ്." മതമെന്ന വാക്കിന് ദീനിനെ മുഴുവനായി ഉൾക്കൊള്ളാനാവില്ല.

കുളക്കരയിലും നദീതീരത്തും പറന്നുവന്ന് വെള്ളത്തിന്റെ രുചിനോക്കിയ ശേഷം അതിലൊന്ന് കുളിച്ച്, ആകാശത്ത് നോക്കിയും തലകുനിച്ചും പ്രാർഥനാനിരതരാകുന്ന പക്ഷികളെ, പ്രത്യേകിച്ച് കൊക്കുകളെ എത്രനോക്കിനിന്നാലും മതിവരില്ല. അവ പ്രാർഥിക്കുകയാണെന്ന് അമ്മയിൽനിന്നു മനസ്സിലാക്കിയിരുന്നു. വിശുദ്ധ ഖുർആൻ അത് സ്പഷ്ടമായി പറഞ്ഞു തന്നു. "ആകാശ ഭൂമികളിലുള്ളവരും ചിറകു നിവർത്തിപ്പറക്കുന്ന പക്ഷികളും അല്ലാഹുവിന്റെ മഹത്വം പ്രകീർത്തിച്ചുകൊണ്ടിരിക്കുന്നത് നീ കണ്ടില്ലേ?" (24:41).

●

മുസ്‌ലിം ആയിത്തീരുന്നതോടെ ഒരു പുഞ്ചിരിപോലും പുണ്യകർമമാകുന്നു. സ്രഷ്ടാവിനോടുള്ള സമ്പൂർണ സമർപ്പണത്തിലൂടെ വന്നു ചേരുന്ന ഗാഢബന്ധവും അതിൽനിന്ന് ഉരുത്തിരിയുന്ന സമാധാനവും- ആ ബന്ധത്തിന്റെ ശക്തമായ പാശത്തിൽ എല്ലാ ദുർമൂർത്തികളും നിർവീര്യമാക്കപ്പെടുന്നു. എത്രകൊടിയ ശത്രുക്കൾപോലും ഇസ്‌ലാമിന്റെ പ്രകാശത്തിൽ അലിഞ്ഞു ചേരുന്നു.

●

എല്ലാ ചരാചരങ്ങളും- അത് മനുഷ്യദൃഷ്ടിക്കു ഗോചരമോ, അഗോചരമോ ചലിക്കുന്നതോ നിശ്ചലമോ ആകട്ടെ- എല്ലാം അല്ലാഹുവിനെ സ്തുതിക്കുകയും പ്രകീർത്തിക്കുകയും അതിലുപരി അനുസരിക്കുകയും ചെയ്യുന്നു. "ഓരോരുത്തർക്കും തന്റെ പ്രാർഥനയും കീർത്തനവും എങ്ങനെയെന്ന് അറിവുണ്ട്" (24:41). ആകാശത്തും ഭൂമിയിലുമുള്ള ഏതൊരു വസ്തുവും അല്ലാഹുവിന് സുജൂദ് ചെയ്യുന്നു; മലക്കുകളും. അവ അഹങ്കാരം നടിക്കുന്നില്ല (16:49). "അന്തരീക്ഷത്തിൽ (ദൈവിക കൽപനക്ക്) വിധേയമായിക്കൊണ്ട് പറക്കുന്ന പക്ഷികളെ അവൻ നോക്കിയില്ലേ?" (16:79). "സൂര്യൻ അതിന്റെ നിശ്ചിത മണ്ഡലത്തിൽ സഞ്ചരിക്കുന്നു. പ്രതാപിയും സർവജ്ഞനുമായ അല്ലാഹുവിന്റെ നനിശ്ചയമാണത്" (36:38). "ഓരോ ആകാശത്തിലും അതതിന്റെ കാര്യം അവൻ ബോധനം ചെയ്തിരിക്കുന്നു" (41:12). "അന്നേ ദിവസം അത് (ഭൂമി) അതിന്റെ വർത്തമാനങ്ങൾ പറഞ്ഞറിയിക്കുന്നതാണ്. നിന്റെ രക്ഷിതാവ് അതിന് ബോധനം നൽകിയത് നിമിത്തം" (99: 4,5).

ജീവിത വ്യവസ്ഥയായ ഇസ്‌ലാമിന്റെ വിശ്വാസ സംഹിതയിലൂടെ വിശ്വാസികളെ കൈപിടിച്ചുനടത്തുന്ന വിശുദ്ധ ഖുർആന്റെ ഉള്ളടക്കം അറിയാതെ യാതൊരു മനുഷ്യനും മരിച്ചു പോകരുതെന്ന് അല്ലാഹുവിന്റെ എളിയ അടിമയായ ഞാൻ ആഗ്രഹിച്ചുപോകുകയാണ്. ഈ ലോകത്തു ചെയ്ത കർമത്തിന്റെയും ത്യാഗത്തിന്റെയും പരിപൂർണ ഫലം ഇഹത്തിൽനിന്ന് പ്രതീക്ഷിക്കരുത്. "നിങ്ങളുടെ പ്രതിഫലങ്ങൾ ഉയിർത്തെഴുന്നേൽപിന്റെ നാളിൽ മാത്രമേ പൂർണമായി നൽകപ്പെടുകയുള്ളൂ" (3:185). അല്ലാഹുവിനു വേണ്ടി വിട്ടുകൊടുത്തതൊന്നും നഷ്ടമല്ല. എല്ലാം ഇരട്ടികളായി മടക്കി കിട്ടാം. "അല്ലാഹുവിനു വേണ്ടി ഉത്തമമായ കടം നൽകാൻ ആരുണ്ട്? എങ്കിൽ അല്ലാഹു അനേകം ഇരട്ടികളായി അവന് വർധിപ്പിച്ചു കൊടുക്കുന്നതാണ്" (2:246).

ഇഹലോകത്തു യാതൊരു ക്ലേശവും ഏൽക്കാതെ ജീവിക്കാൻ ആർക്കെങ്കിലും കഴിയുമോ? അതൊരിക്കലും സംഭവിക്കില്ല. തീർച്ചയായും നിങ്ങളുടെ സ്വത്തുക്കളിലും ശരീരങ്ങളിലും നിങ്ങൾ പരീക്ഷിപ്പെടുന്നതാണ്. നിങ്ങൾക്കു മുമ്പ് വേദം നൽകപ്പെട്ടവരിൽനിന്നും ബഹുദൈവാരാധകരിൽനിന്നും ധാരാളം കുത്തുവാക്കുകൾ കേൾക്കേണ്ടിവരും. അതിന്റെ മറുവശവും ഖുർആൻ ചിത്രീകരിക്കുന്നുണ്ട്. "എന്നാൽ അന്ന്(ഖിയാമത്ത് നാളിൽ) ആ സത്യവിശ്വാസികൾ സത്യനിഷേധികളെ കളിയാക്കി ചിരിക്കുന്നതാണ്" (83:34). ഭഗവത്ഗീത ചൂണ്ടിക്കാണിക്കുന്നത് പുനർജന്മമാണെന്ന് സൂക്തം വളരെ വ്യക്തമാക്കുന്നു. അതിനു കൊടുത്ത വ്യാഖ്യാനമാണ്, ഒരുവൻ ഭൂമിയിൽ വീണ്ടും വീണ്ടും ജനിച്ചുകൊണ്ടിരിക്കുന്നു എന്നത്. വാസ്തവത്തിൽ ഗീത പറയുന്നത് രക്ഷാ ശിക്ഷകൾക്കായി പരലോകത്ത് ഉയർത്തെഴുന്നേൽപ്പിക്കുന്നതിനെ കുറിച്ചാണ്; ദുഷ്കർമികൾ അവരുടെ കർമഫലം തീരുന്നതുവരെ നരകത്തിൽ ശിക്ഷിക്കപ്പെടുന്നതിനെ പറ്റിയാണ്. വി

ശുദ്ധ ഖുർആൻ ശ്രദ്ധിക്കൂ: "തീർച്ചയായും നമ്മുടെ തെളിവുകൾ നിഷേധിച്ചവരെ നാം നരകത്തിലിട്ടു കരിക്കുന്നതാണ്. അവരുടെ തൊലികൾ വെന്തുപോകുമ്പോഴെല്ലാം നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്. അവർ ശിക്ഷ ആസ്വദിച്ചുകൊണ്ടിരിക്കുവാൻ വേണ്ടിയാണത്. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിമാനുമാകുന്നു" (4:56). ഗീത പറയുന്നു:

"അശ്രദ്ദധാനാഃ പുരുഷാ
ധർമ്മസ്യാസമി പരന്തപി
അപ്രാപ്യമാം നിവർത്തന്തേ
മൃത്യു സംസാര നർത്തനി" (രാജയോഗം)

(ധർമത്തിൽ ശ്രദ്ധയില്ലാത്തവർ മോക്ഷപ്രാപ്തി നേടാനാകാതെ ശിക്ഷകൾ അനുഭവിക്കുന്നു). ധർമച്യുതി സംഭവിക്കുമ്പോൾ കരുണാമയനായ അല്ലാഹു വീണ്ടും പ്രവാചകന്മാരെ ദൂതുമായി അയക്കുകയും അവരിലേക്കു ദൂത് അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. അവിടെയും അവതരിപ്പിക്കുന്നു എന്നതിനു പകരം 'ഞാൻ അവതരിക്കുന്നു' എന്ന് വ്യാഖ്യാനം നൽകിയിരിക്കുന്നു. ചിന്തിക്കൂ! സർവത്തിന്റെയും അധിപനായ, ആദിയും അന്ത്യവും ആയ സ്രഷ്ടാവിന് സൃഷ്ടികൾക്കു നൽകിയ രീതിയിലുള്ള ജനനവും മരണവും ആവശ്യമുണ്ടോ? അവനെന്തെങ്കിലും ചെയ്യണമെങ്കിൽ അതിനോടു ഉണ്ടാകൂ എന്നു മാത്രം പറഞ്ഞാൽ മതി. "അവനത്രെ ആകാശവും ഭൂമിയും യഥാർഥ മുറപ്രകാരം സൃഷ്ടിച്ചവൻ. അവൻ ഉണ്ടാകൂ എന്നു പറയുന്ന ദിവസം അതുണ്ടാകുക തന്നെ ചെയ്യുന്നു" (6:73).

"യദാ യദാഹി ധർമ്മസ്യ
ഗ്ലാനിർ ഭവതി ഭാരത,
അഭ്യുത്ഥാന മധർമ്മസ്യ
തദാത്മാനം സൃജാമ്യഹം"
(ജ്ഞാനയോഗം)

(ഭാരതാ, എപ്പോഴെപ്പോൾ ധർമത്തിന് തളർച്ചയും അധർമത്തിന് ഉയർച്ചയും സംഭവിക്കുന്നുവോ അപ്പോഴെല്ലാം അവൻ സ്വയം അവതരിക്കുന്നു).

"പരിത്രാണായ സാധൂനാം
വിനാശയഃ ച ദുഷ്കൃതാഃ
ധർമ സംസ്ഥാപനാർഥായ
സംഭവാമി യുഗേ യുഗേ." (സജ്ജനങ്ങളുടെ സംരക്ഷണത്തിനും ദുഷ്ടന്മാരുടെ സംഹാരത്തിനും വേണ്ടി യുഗംതോറും ഞാൻ ജനിക്കുന്നു).

ഈ പ്രപഞ്ചം ഇല്ലാതിരുന്ന കാലം. അന്ന് ജലവും അതിന്റെ മേൽ അല്ലാഹുവിന്റെ സിംഹാസനവും ആയിരുന്നു. പിന്നെ നീണ്ട കാലയളവുകൾക്കു ശേഷം എല്ലാ വസ്തുക്കളും സൃഷ്ടിക്കപ്പെടുകയും രൂപപ്പെടുകയും ചെയ്തു? ഇവിടെ ഒരു ശക്തിയില്ലേ- "ആറു ദിവസങ്ങളിലായി ആകാശങ്ങളും ഭൂമിയും സൃഷ്ടിച്ചത് അവനത്രെ. അവന്റെ അർശ്(സിംഹാസനം) വെള്ളത്തിന്മേലായിരുന്നു" (11:7). ഇന്ന് ശാസ്ത്രജ്ഞന്മാരുടെ അന്വേഷണം സത്യത്തിന്റെ സമീപം എത്തിയിരിക്കുന്നു. അതുപോലെ തന്നെ. "ആകാശങ്ങളും ഭൂമിയും ഒട്ടിച്ചേർന്നതായിരുന്നുവെന്നും എന്നിട്ട് നാം അതിനെ വേർപെടുത്തുകയാണുണ്ടായതെന്നും സത്യനിഷേധികൾ കണ്ടില്ലേ" (21:30). എന്നിട്ടും എന്തുകൊണ്ടു വിശ്വസിക്കുന്നില്ല? ശാസ്ത്രജ്ഞർ ഈ സത്യത്തിലേക്കു പ്രവേശിച്ചു തുടങ്ങി. അൽഹംദുലില്ലാഹ്.

എല്ലാ ജീവജാലങ്ങളെയും അല്ലാഹു സൃഷ്ടിച്ചത് വെള്ളത്തിൽനിന്നാണെന്ന അറിവ് വിശുദ്ധ ഖുർആൻ ലോകത്ത് വിളിച്ചറിയിക്കുന്നു. "എല്ലാ ജന്തുക്കളെയും അല്ലാഹു വെള്ളത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു" (24: 45). ഇതൊന്നും ചിന്തിക്കാത്ത മനുഷ്യനെ നോക്കി അല്ലാഹു ചോദിക്കുന്നു." അവൻ സ്രവിക്കപ്പെടുന്ന ഒരു രേതസ് കണമായിരുന്നില്ലേ?'' (75:37). എന്താണ് ഇതിലെ സിംഹഭാഗവും - ജലം. ഈ പ്രപഞ്ചത്തെ നോക്കൂ, ഭൂമിയിൽ 70 ശതമാനം ജലമാണ്. അതുപോലെതന്നെ ഒരു കുഞ്ഞു ജനിച്ചുവീഴുമ്പോൾ അതിലെ ജലാംശം 70 ശതമാനം. നോക്കൂ! എന്തൊരു സന്തുലിതത്വം.

മനുഷ്യനെ മാത്രമല്ല, എല്ലാ സൃഷ്ടികളെയും സൃഷ്ടിക്കുകയും അതിന് ഹുദാ(മാർഗദർശനം) നൽകുകയും ചെയ്തിരിക്കുന്നു. "ഓരോ വസ്തുവിനും അതിന്റെ പ്രകൃതം നൽകുകയും എന്നിട്ട് (അതിന്) വഴി കാണിക്കുകയും ചെയ്തവനാരോ അവനത്രെ ഞങ്ങളുടെ രക്ഷിതാവ്'' (20:50). ഇതിന് എത്രയെത്ര ഉദാഹരണങ്ങൾ! ഉറുമ്പിന്റെ ബുദ്ധി, പ്രയത്നശീലം, കൂട്ടായ്മ, നല്ല വാസസ്ഥലം നോക്കി സമുദ്രങ്ങൾ താണ്ടിപ്പോകുന്ന കടലാമ, കഴുകന്റെ ഘ്രാണശക്തി, ഇരുട്ടിലും കാഴ്ചയുള്ള പൂച്ചകൾ, ഉറക്കിലും കേൾക്കുന്ന നായ, അതിന്റെ അതിശക്തമായ ഘ്രാണേന്ദ്രിയം, ഓരോ സംഘമായി ഓരോ പണികളിൽ ഏർപ്പെടുന്ന തേനീച്ചകൾ, തേൻ സൂക്ഷിക്കാൻ കൂടുകൾ എയർ കണ്ടീഷൻ ചെയ്യുന്ന തേനീച്ച ഇങ്ങനെ എത്ര എത്ര ഉദാഹരണങ്ങൾ. മനുഷ്യന്റെ കാര്യത്തിലേക്കു തിരിഞ്ഞാലോ മനുഷ്യനെ സൃഷ്ടിക്കുക മാത്രമല്ല. അവന് മാർഗദർശനം നൽകുന്നത് സ്വന്തം ബാധ്യതയായി ഏറ്റെടുത്തിരിക്കുന്നു അല്ലാഹു. "തീർച്ചയായും മാർഗദർശനം നമ്മുടെ ബാധ്യതയാകുന്നു" (92:12).

സ്രഷ്ടാവിന്റെ മാർഗദർശനത്തെ കളിയും തമാശയുമായി എടുക്കുന്നവർക്ക് ആവർത്തിച്ച് താക്കീതുമുണ്ട്. ഖുർആനിൽ ആകാശങ്ങളെ വെറുതെ സൃഷ്ടിച്ചതല്ല- മനുഷ്യനെ വേറുതെ സൃഷ്ടിച്ചതല്ല- കണ്ണുള്ളവർ കാണുന്നു. ഭഗവത്ഗീത മനസ്സിരുത്തി വായിക്കുന്നവർ, ബൈബിൾ ശ്രദ്ധിച്ചു വായിക്കുന്നവർ, പഴയനിയമം മനസ്സിലാക്കുന്നവർ എല്ലാവരും വിശുദ്ധ ഖുർആനിൽ സമ്പൂർണത കണ്ടെത്തും എന്നതിൽ സംശയമില്ല. മാമജന്മനാഭീം ത്വേ ത്തി ലോക മഹേശ്വരം അസം മൂഢഃ സമർത്ഥേഷു, സർവമാം പൈഃ പ്രേമച്യതേ" (ആർ എന്നെ ജനനമില്ലാത്തവനും ആദിയില്ലാത്തവനും സർവലോകനാഥനുമായി അറിയുന്നുവോ അവൻ മനുഷ്യരിൽ വെച്ചു മോഹമറ്റവനായി, എല്ലാ പാപങ്ങളിൽനിന്നും മുക്തനായി). ഗീത ഉപദേശിച്ചത് ഏക ദൈവവിശ്വാസമാണെന്നതിൽ സംശയമില്ല. ഭൗതിക ജീവിതത്തിൽ നിന്നുള്ള നിത്യമായ മുക്തിയാണ് മരണം. പുനർജീവിപ്പിക്കുമ്പോൾ നിത്യമായ (അനന്തമായ) മോക്ഷപ്രാപ്തിയും. ബുദ്ധിഹീനരായ മനുഷ്യരാണ് ദൈവത്തിന് വ്യക്തിഭാവം നൽകുന്നതെന്നും ഗീത സ്പഷ്ടമായി തന്നെ പറയുന്നു.

"അവ്യക്ത വ്യക്തിമാപനം
മന്യന്തേ മാമബദ്ധയഃ
പരം ഭാവ മജാനന്തേ
മമാവ്യക മന്തത്തരം."

(എന്നെ അനശ്വരവും തമോഗുണസ്പർശമില്ലാത്തതുമായ സർവാതീത ഭാവനെന്നു അറിയാതെ അവ്യക്തമായ എന്നെ വ്യക്തിത്വം പ്രാപിച്ചവനെന്നും ബുദ്ധിഹീനർ വിചാരിക്കുന്നു -ജ്ഞാന വിജ്ഞാനയോഗം: 24).

സ്വർഗ നരകത്തെപ്പറ്റിയും ഹിന്ദു പുരാണങ്ങൾ സംസാരിക്കുന്നു:

"അസൂര്യാ നാമ തേലോക
അന്ധേനം തമസാവൃതാ
താം സ്തേ പ്രേത്യാഭിഗച്ഛന്തിയേ
കേ ചാരി മഹനോ ജനഃ"

(സൂര്യരഹിതമായ ആ ലോകങ്ങൾ അജ്ഞാനാന്ധകാര സമാവൃതങ്ങളാകുന്നു. ആത്മഘാതികൾ (അതായത് ഈശ്വരനെ ഭജിക്കാതെ വിഷയാസക്തരായി കഴിയുന്നവർ) വീണ്ടും ദുഃഖ ഭൂയിഷ്ഠങ്ങ

ളായും ആ ലോകത്തെ പ്രാപിക്കുന്നു). എന്നാൽ സ്വർഗലോകത്ത് ഒരു ഭയവുമില്ല. ജരാനര ബാധിക്കുന്നില്ല. അവർ ശോകാദികൾക്ക് അതീതരായി സകലവിധ ആനന്ദവും അനുഭവിക്കുന്നു. ഈ രണ്ടാമതു പറഞ്ഞ ലോകം തേടാനുള്ള ശ്രമമാണ് ഓരോ മനുഷ്യനും ചെയ്യേണ്ടത്. പ്രപഞ്ചനാഥൻ സൃഷ്ടിച്ച ഓരോ കോശത്തിലും ഒരു ന്യൂക്ലിയസ് ഉണ്ടെങ്കിൽ ഇത്ര ബൃഹത്തായ ലോകത്തെ നിയന്ത്രിക്കുന്ന ഒരു സ്രഷ്ടാവില്ലെന്നു വിശ്വസിക്കാൻ ഏതു ബുദ്ധിക്കു കഴിയും? ഇത്ര സുന്ദരമായ ലോകത്തെ ആരു സംവിധാനിച്ചു? ക്ഷീരപഥങ്ങളും നക്ഷത്രങ്ങളും ഗ്രഹങ്ങളും ആരുടെ കൽപ്പനയാൽ കറങ്ങുന്നു? ഞാനും ഈശ്വര വിശ്വാസിയാണെന്നു പറഞ്ഞാൽ പോരാ, ചിന്തയും വാക്കും പ്രവൃത്തിയും വിശ്വാസവുമായി താദാമ്യം ചെയ്യണം. "എന്നാൽ തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ചു ജീവിച്ചതാരോ അവർക്കാണ് താഴ്ഭാഗത്തു കൂടി അരുവികളൊഴുകുന്ന സ്വർഗത്തോപ്പുകൾ ഉള്ളത്. അവരതിൽ നിത്യവാസികളായിരിക്കും. അല്ലാഹുവിന്റെ പക്കൽനിന്നുള്ള സൽക്കാരം! അല്ലാഹുവിന്റെ പക്കലുള്ളതാണ് പുണ്യവാന്മാർക്ക് ഉത്തമം" (3:198). പറയാനേറെയുണ്ട്; സ്രഷ്ടാവിനെപ്പറ്റി, നബിയെക്കുറിച്ച്, ഇസ്‌ലാമിക ജീവിതത്തെക്കുറിച്ച് ഒന്നും മുഴുവൻ പറഞ്ഞു തീർക്കാൻ നമുക്കാവില്ലല്ലോ. ഞാൻ മുസ്‌ലിമാണെന്നു പറയുകയല്ല കാര്യം, ജീവിതത്തെ മുസ്‌ലിം ആക്കിത്തീർക്കുകയാണ്. പ്രപഞ്ചനാഥന്റെ അപാരസ്നേഹമാണെന്നെ ഈ സത്യദർശനത്തിൽ കൊണ്ടെത്തിച്ചത്. വഴികാണാതെ, അറിയാതെ ഉഴലുന്ന കോടിക്കണക്കിനാളുകൾ, കരുണാവാരിധിയായ അല്ലാഹുവേ അവരെയൊക്കെ സത്യത്തിലേക്കു നയിക്കേണമേ. പരമോന്നതനായ റബ്ബിൽ സർവതും സമർപ്പിച്ചുകൊണ്ടു ജീവിക്കുക എന്ന സൗഭാഗ്യം, അതൊരു അപൂർവ ഭാഗ്യം തന്നെയാണ്.

(തുടരും)